**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

(ഹാജർ : Dr. Chithra S IAS )

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ഇടുക്കി ജില്ല - കട്ടപ്പന ബ്ലോക്ക് - മുൻ ഹെഡ് ക്ലാർക്ക് ശ്രീ. സിബി തോമസിന്റെ സസ്പെൻഷൻ കാലയളവ് ക്രമവത്കരിച്ച് ഉത്തരവാകുന്നു.

പരാമർശം:

1) കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 12/08/2020 ലെ എ.865/2020 നമ്പർ ഉത്തരവ്
2) ഗ്രാമവികസന കമ്മീഷണറുടെ 03/11/2020 ലെ സി.ആർ.ഡി/ 375/ 2020 എസ്റ്റാ.എ2 നം ഉത്തരവ്
3) ഗ്രാമവികസന കമ്മീഷണറുടെ 31/11/2020 ലെ സി.ആർ.ഡി / 375/ 2020 - എസ്റ്റാ.എ2 നമ്പർ കുറ്റാരോപണ മെമ്മൊ
4) ശ്രീ.സിബി തോമസ് സമർപ്പിച്ച 05/02/2021 തിയതിയിലെ എതിർവാദ പത്രിക
5) ഗ്രാമ വികസന കമ്മീഷണറുടെ 28.04.2021 ലെ സി ആർ ഡി/375/2020-എസ്റ്റാ.എ2 നം. ഉത്തരവ്
6) തൃശ്ശൂർ ജില്ലാ പ്രൊജക്ട് ഡയറക്ടർ സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ട്
7) ഗ്രാമ വികസന കമ്മീഷണറുടെ 29.06.2021 ലെ സി ആർ ഡി/375/2020-എസ്റ്റാ.എ2 നം. ഉത്തരവ്
8) ഈ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ ( വിജിലൻസ് ) മുമ്പാകെ 25/01/2024 ന് ഓൺലൈനായി നടന്ന നേർവിചാരണ
9) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09/11/2024 ലെ LSGD/PD/18474/2023 - VIGB4 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
10) ദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30/03/2025 ലെ LSGD/PD/18474/2023 - VIGB4 നമ്പർ ഉത്തരവ്
11) ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 12.06.2025 ലെ LSGD/JD/1666/2024-B5 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ .LSGD/PD/18474/2023-VIGB4 തീയതി:03-07-2025</u>**

കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. സിബി തോമസ് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ കാഷ്വൽ സ്വീപ്പറായ വനിതയോട് ലൈംഗിക ചുവയോടെ സംസാരിച്ചതായും അപമാനിക്കാൻ ശ്രമിച്ചതായും കാണിച്ച് ടി ജീവനക്കാരി ബ്ലോക്ക് പഞ്ചായത്തിൽ പരാതി സമർപ്പിക്കുകയും ടി പരാതി ബ്ലോക്ക് പഞ്ചായത്തിലെ ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റി പരിഗണിച്ച അവസരത്തിൽ പരാതിക്കാരിയും മറ്റ് വനിതാ ജീവനക്കാരും ശ്രീ.സിബി തോമസിനെതിരെ മൊഴി നല്കിയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ ടിയാനെ നേരിൽ കേൾക്കുന്നതിനായി നൽകിയ കത്ത് ശ്രീ.സിബി തോമസ് ധിക്കാരപരമായി കൈപ്പറ്റാതിരിക്കുകയുണ്ടായി. പ്രസ്തുത പരാതിക്കാധാരമായ കുറ്റം ടിയാൻ ചെയ്തിട്ടുള്ളതായി കണ്ടെത്തിയതായി ബ്ലോക്ക് പഞ്ചായത്തിലെ ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റിയുടെ പ്രിസൈഡിംഗ് ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. കൂടാതെ പരാതിക്കാരിയായ കാഷ്വൽ സ്വീപ്പർ മുൻപ് ജോലിചെയ്തിരുന്ന സ്ഥാപനത്തിൽ ശ്രീ. സിബി തോമസ് ചെന്ന് ടിയാൾക്കെതിരെ അപകീർത്തികരമായ ആക്ഷേപങ്ങൾ ഉന്നയിക്കുകയും ടിയാളുടെ മേൽവിലാസം ആവശ്യപ്പെടുകയും ചെയ്തതിനെ തുടർന്ന് പരാതിക്കാരി ഇതുസംബന്ധിച്ച് കട്ടപ്പന പോലീസ് സ്റ്റേഷനിൽ ടിയാനെതിരെ ക്രൈം നമ്പർ 1246/2020 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസ്

സി.സി.2310/2020 നമ്പരായി ബഹു. കട്ടപ്പന ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പരിഗണിക്കുകയും 16/02/2024-ൽ ടി കേസിൽ ബഹു. കോടതി ശ്രീ. സിബി തോമസിനെ കുറ്റവിമുക്തനാക്കുകയുമുണ്ടായി.

ശ്രീ. സിബി തോമസ് കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിൽ സേവനമനുഷ്ഠിക്കവെ, ഹെഡ് ക്ലാർക്ക് എന്ന നിലയിൽ കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ അലംഭാവം കാണിക്കുന്നതായും സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥനെന്ന നിലയിൽ ടിയാനിൽ നിന്നും ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ യാതൊരുവിധ പിന്തുണയും ലഭിക്കുന്നില്ലായെന്നും, ഓഫീസ് പ്രവർത്തനം തടസ്സപ്പെടുത്തുന്ന തരത്തിൽ ജീവനക്കാരോടും ഓഫീസിൽ വരുന്ന പൊതുജനങ്ങളോടും സ്ഥിരമായി ബഹളം വയ്ക്കുകയും ചെയ്യുന്നതായും ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് 11.08.2020 ൽ ചേർന്ന കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് ജനൽ കമ്മറ്റിയിൽ ടി വിഷയങ്ങളെല്ലാം ചർച്ച ചെയ്തതിന അടിസ്ഥാനത്തിൽ കമ്മറ്റിയംഗങ്ങൾ ഏകകണ്ഠമായി എടുത്ത തീരുമാനത്തിൽ ടിയാനെതിരെ ഉചിതമായ നടപടികൾ സ്വീകരിയ്ക്കണമെന്ന് ശുപാർശ ചെയ്തിട്ടുള്ളതും ആയതിൻറെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീ.സിബി തോമസിനെ 12.05.2020 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും ടി സസ്പെൻഷൻ ഉത്തരവിന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സാധൂകരണം നല്കിയിട്ടുള്ളതുമാണ്.

ശ്രീ. സിബി തോമസിന്റെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപവും അച്ചടക്കലംഘനവും സംഭവിച്ചതായിക്കണ്ട് പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ ടിയാനെതിരെ 1960 ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മൊ നല്കി അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി.

കുറ്റാരോപണ മെമ്മൊക്ക് പരാമർശം (4) പ്രകാരം ശ്രീ.സിബി തോമസ് പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. ടി പ്രതിവാദപത്രികയിൽ ടിയാനെതിരെയുള്ള എല്ലാ കുറ്റാരോപണങ്ങളും ടിയാൻ നിഷേധിച്ചിരുന്നു. ടി പ്രതിവാദപത്രികയിന്മേൽ പരാമർശം (5) ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലാ പ്രൊജക്ട് ഡയറക്ടർ ഔപചാരിക അന്വേഷണം നടത്തുകയും പരാമർശം (6) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. പരാമർശം (7) പ്രകാരം ടിയാനെ സേവനത്തിൽ പുനപ്രവേശനം നല്കിയിട്ടുള്ളതും പരാമർശം (8) പ്രകാരം ശ്രീ. സിബി തോമസിനെ നേരിൽ കേൾക്കുകയുമുണ്ടായി.

ഔപചാരിക അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിലും ശ്രീ. സിബി തോമസിനെ നേരിൽ കേട്ടതിലും ടിയാനെതിരായ കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതായും ടിയാന്റെ ഭാഗത്തുനിന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചയും ഗുരുതരമായ കൃത്യവിലോപവും അച്ചടക്കലംഘനവും സംഭവിച്ചതായും വകുപ്പിന് അവമതിപ്പ് ഉണ്ടായതായി ബോദ്ധ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ശ്രീ. സിബി തോമസിന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് രണ്ട് വർഷത്തേയ്ക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞ് ടിയാനെതിരായ അച്ചടക്കനടപടി തീർപ്പാക്കുന്നതിന് താല്ക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (9) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു.

പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സിബി തോമസ് നല്കിയ മറുപടി വിശദമായി പരിശോധിച്ചതിൽ കാരണം കാണിക്കൽ നോട്ടീസിൽ പറഞ്ഞ കുറ്റാരോപണങ്ങൾക്കെതിരെ ടിയാൻ ഉന്നയിച്ച വാദങ്ങൾ ഒന്നുംതന്നെ ടിയാനെതിരായ കുറ്റാരോപണങ്ങളെ ഖണ്ഡിക്കുന്നതല്ല എന്നും ആരോപണങ്ങൾ സംശയാതീതമായി തെളിയിക്കപ്പെട്ടു എന്നും അവ നിലനിൽക്കുന്നു എന്നും ബോധ്യപ്പെട്ട സാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടീസിലെ താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടിയാനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് പരാമർശം (10) പ്രകാരം ഉത്തരവായിട്ടുണ്ട്.

കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (1) ഉത്തരവ് പ്രകാരം 12.08.2020 മുതൽ 01.07.2021 വരെ ശ്രീ. സിബി തോമസ് സസ്പെൻഷനിൽ ആയിരുന്നുവെന്നും ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (7) ഉത്തരവ് പ്രകാരം ടിയാൻ 02.07.2021 ൽ സേവനത്തിൽ പുനപ്രവേശിച്ചതായും ടിയാനെതിരായ അച്ചടക്കനടപടി തീർപ്പാക്കിയ സാഹചര്യത്തിൽ ടിയാന്റെ അവധി അക്കൗണ്ടിൽ ടിയാന്റെ സസ്പെൻഷൻ കാലയളവ്

ക്രമവത്കരിച്ച് ലഭിക്കുന്നതിനാവശ്യമായ അവധികളില്ലാത്തതിനാൽ ടി സസ്പെൻഷൻ കാലയളവ് ഗ്രേഡിനും പെൻഷനും കണക്കാക്കുന്ന ശൂന്യവേതനാവധിയായി ക്രമവത്കരിച്ച് നല്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (11) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. സിബി തോമസ് പരാമർശം (1) ഉത്തരവ് പ്രകാരം 12.08.2020 മുതൽ സസ്പെൻഷനിലാവുകയും പരാമർശം (7) പ്രകാരം 29.06.2021 ൽ ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് ഉത്തരവാകുകയും ടിയാനെതിരായ അച്ചടക്കനടപടി ശിക്ഷ നൽകി തീർപ്പാക്കി ഉത്തരവാകുകയും ചെയ്ത സാഹചര്യത്തിൽ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. സിബി തോമസ് സസ്പെൻഷനിലായിരുന്ന 12.08.2020 മുതൽ 28.06.2021 വരെയുള്ള കാലയളവിലെ ശമ്പളവും മറ്റ് അലവൻസുകളും ടിയാൻ കൈപ്പറ്റിയിരുന്ന ഉപജീവനബത്തയിൽ നിജപ്പെടുത്തി പെൻഷനു മാത്രം പരിഗണിക്കുന്ന കാലയളവായും 29.06.2021 മുതൽ ടിയാൻ സേവനത്തിൽ പ്രവേശിച്ചതുവരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം 1 ചട്ടം 56 (ബി) (9) ന് താഴെയുള്ള കുറിപ്പ്-2 പ്രകാരം പ്രവേശനകാലമായോ അർഹതപ്പെട്ട അവധിയായോ രണ്ടുമായോ കണക്കാക്കി ക്രമവൽക്കരിച്ച് ഉത്തരവാകുന്നു.

Dr. Chithra S IAS
PRINCIPAL DIRECTOR

DR. CHITHRA. S IAS
PEN : 719240
Principal Director
Local Self Government Department
Swaraj Bhavan, Nanthancode
Kowdiar P.O, Tvpm - 695003

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM

ശ്രീ. സിബി തോമസ്
മുൻ ഹെഡ് ക്ലാർക്ക്, കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് (നിലവിൽ ഹെഡ് ക്ലാർക്ക്, അടിമാലി ബ്ലോക്ക് പഞ്ചായത്ത്)
(ഇടുക്കി തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന )

പകർപ്പ് :

1. ഇടുക്കി തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ (ഉത്തരവ് ശ്രീ.സിബി തോമസിന് നല്കി കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കുന്നതിനും ഉത്തരവ് നടപ്പിൽവരുത്തുന്നതിനും ടിയാന്റെ സേവന പുസ്തകത്തിൽ ഉത്തരവ് രേഖപ്പെടുത്തി സേവന പുസ്തകത്തിലെ ബന്ധപ്പെട്ട പേജിൻറെ പകർപ്പ് ലഭ്യമാക്കുന്നതിനുമായി )
2. സെക്രട്ടറി, അടിമാലി/ കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്
3. സൂപ്രണ്ട്, ഡി.ഇ.ബി. സെക്ഷൻ - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സൂപ്രണ്ട്, ഡി.ഇ.ഡി. സെക്ഷൻ - വിവരാവകാശ നിയമപ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി